# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1158 04.02.2019 ൽ മറുപടിക്ക്**

**കരമന -കളിയിക്കാവിള ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. വിൻസെന്റ് | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കരമന - കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള ആറുവരി പാതയുടെ നിർമ്മാണ പ്രവർത്തനം ഈ സർക്കാർ വന്നതിനുശേഷം ഇത്രകാലം നീണ്ടുപോയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കരമന - കളിയിക്കാവിള ഒന്നാം ഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.42 കോടി രൂപയ്ക്ക് ഉത്തരവ് നം.31/കിഫ്ബി/2016 തീയതി 16.11.2016 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 15.12.2016ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർപ്രവർത്തനങ്ങളുടെ ഫലമായി 2017 മധ്യത്തോടുകൂടി പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലെത്തുകയും തുടർന്ന് 07.07.2017 ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കാറായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ഈ ഭാഗത്തെ |

നിർമ്മാണ പ്രവൃത്തിക്കായുള്ള സാങ്കേതികാനുമതി പി എം യു കെ ആർ എഫ് ബി വഴി നൽകുകയും 2018 ഏപ്രിൽ മാസം ഈ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടർ അപ്രൂവൽ കമ്മിറ്റി 08.08.2018 ൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് ടെണ്ടർ പാസാക്കി ടെണ്ടർ എക്സസ്സിന്റെ ഫിനാൻഷ്യൽ കൺകറൻസിന് കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ നിർമ്മാണത്തിനുള്ള മെറ്റീരിയൽസിന്റെയും ബിറ്റുമിന്റെയും ഈ കാലയളവിലെ വിലവർദ്ധനവ് ചൂണ്ടികാട്ടി കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ പണി ഏറ്റെടുക്കാൻ വിസമ്മതിച്ച് പിൻമാറുകയും, അതിന്റെ അടിസ്ഥാനത്തിൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. ഇതേ തുടർന്ന് ഒക്ടോബർ മാസത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്യുകയും ഇതിൽ മൂന്ന് കമ്പനികൾ പങ്കെടുക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി ഏൽപ്പിക്കുവാൻ തീരുമാനിക്കുകയും 04.01.2019-ൽ പ്രസ്തുത സൊസൈറ്റിയുമായി കരാർ ഒപ്പു വയ്ക്കുകയുമാണുണ്ടായത്. 24 മാസക്കാലമാണ് നിർമ്മാണ പൂർത്തീകരണ കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകൾ മൂലം ഉണ്ടായ കാലതാമസമൊഴികെ മറ്റ് കാര്യങ്ങളിലെല്ലാം നടപടിക്രമങ്ങളിൽ ഉണ്ടാകുന്ന സ്വാഭാവികമായ കാലത്താമസം മാത്രമാണ് നേരിട്ടിട്ടുള്ളത്.

| | |
|---|---|
| ബി) ഇതിനായി എത്ര പ്രാവശ്യം ടെൻഡർ വിളിക്കുകയുണ്ടായി; ഓരോ പ്രാവശ്യവും ആരൊക്കെയാണ് ടെൻഡറിൽ പങ്കെടുത്തത്; അവർ രേഖപ്പെടുത്തിയ കുറഞ്ഞ തുക എത്രയായിരുന്നു; | ബി) രണ്ടു തവണ ടെണ്ടർ ക്ഷണിക്കുകയുണ്ടായി.<br>ഒന്നാമത്തെ ടെണ്ടറിൽ പങ്കെടുത്തവർ<br>1. ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി- രൂപ 105,92,79,661.93. |

| | |
|---|---|
| | 2. നാഥ് ഇൻഫ്രാസ്ട്രക്ചേഴ്സ് - രൂപ 121,92,56,749.37<br>രണ്ടാമത്തെ ടെണ്ടറിൽ പങ്കെടുത്തവർ<br>1. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി - രൂപ 112,07,33,937.02<br>2. ഇ.കെ.കെ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് - രൂപ121,20,38,652.30.<br>3. ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനി- രൂപ 142,83,71,754.06. |
| സി) നിലവിൽ ഏത് സ്ഥാപനത്തിന്, എത്ര തുകക്കാണ് ടെൻഡർ നൽകിയതെന്ന് അറിയിക്കുമോ; | സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് ആണ് ടെണ്ടർ നൽകിയത് രൂപ 112,07,33,937.02 തുകയ്ക്കാണ് കരാർ ഉറപ്പിച്ചത്. |
| ഡി) നിശ്ചയിച്ച തുകയിൽ നിന്നും എത്ര തുക അധികമായിട്ടാണ് നിലവിലത്തെ കരാറുകാർക്ക് ടെൻഡർ ഉറപ്പിച്ചതെന്ന് വ്യക്തമാക്കുമോ? | ഡി) നിശ്ചയിച്ച തുകയായ രൂപ 97,54,05,399 നിന്നും 14.89% അധികം തുകയ്ക്കാണ് കരാർ ഉറപ്പിച്ചത്. |

S. Bindu

സെക്ഷൻ ഓഫീസർ